# എസ്.ആർ.എം.ജി.എച്ച്.എസ്.എസ്

# രാംനഗർ



RAMNAGAR HIGH SCHOOL (H.S)

# മഷിയെഴുത്ത്

**റവന്യൂ ജില്ല**

കാസർഗോഡ്

**വിദ്യാഭ്യാസ ജില്ല**

കാഞ്ഞങ്ങാട്

**ഉപജില്ല**

ഹോസ്ദുർഗ്

**പ്രധാന അദ്ധ്യാപിക**

ലത സി.കെ

**പി.ടി.എ പ്രസിഡണ്ട്**

രവീന്ദ്രൻ മാവുങ്കാൽ

**എം.പി.ടി.എ പ്രസിഡണ്ട്**

രാജി കെ.വി

# ചരിത്രം

സമൂഹത്തിലെ താഴ്ന്ന ജാതിയിൽ ജനിച്ച എന്നതിനാൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക് വേണ്ടിയാണ് ഈ വിദ്യാലയം സ്ഥാപിതമായത്. മൈസൂർ സംസ്ഥാനം നിലവിലുണ്ടായിരുന്ന കാലത്ത് സൗത്ത് കാനറ ജില്ലയിൽ 'രാമനഗരം' എന്ന സ്ഥലത്ത് (കാഞ്ഞങ്ങാട് നഗരത്തിൽ നിന്നും 3 കി. മി. കിഴക്ക് മാറി ദേശീയപാതയിൽ(NH 17) 'മാവുങ്കാൽ'എന്ന സ്ഥലത്തു നിന്നും അര കി. മി. ദൂരത്തിൽ ആനന്ദാശ്രമത്തിന് എതിർവശത്തായി ഇന്നത്തെ അജാനൂർ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ)1924 ന മുമ്പുതന്നെ ഹോസ്ദൂർഗ്ഗ് താലൂക്കിൽ എലിമെന്ററി സ്കൂളായി പ്രവർത്തിച്ചിരുന്ന വിദ്യാലയം 1940 ൽ സ്വാമി രാംദാസ് ഏറ്റെടുത്തു. 1940 ൽ തന്നെ ആനന്ദാശ്രമത്തിലെ ദ്വിതീയ മഠാധിപതിയും സ്വാമി രാംദാസിന്റെ പ്രഥമ ശിഷ്യയുമായ പൂജ്യമാതാജി കൃഷ്ണാബായിയുടെ ജന്മദിനത്തിൽ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടുകയും 1942.ൽ സ്വാമി രാംദാസിന്റെ ജന്മദിനത്തിൽ പുതിയ കെട്ടിടത്തിലേക്ക് ക്ലാസുകൾ മാറുകയും ഈ വിദ്യാലയത്തിന് ശ്രീകൃഷ്ണവിദ്യാലയം എന്ന് നാമകരണം ചെയ്യുകയും ചെയ്തു. 1942ൽ സമൂഹത്തിൽ താഴ്ന്ന ജാതിയിൽ പെട്ടവരുടെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട സമയത്ത് അവരുടെ ഉന്നമനത്തിനുവേണ്ടിയാണ് ആനന്ദാശ്രമ സ്ഥാപകൻ സ്വാമി രാമദാസ് ഈ വിദ്യാലയം ആരംഭിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം 1957 ൽ സ്വാമി രാംദാസ് ഈ വിദ്യാലയം കേരള സർക്കാറിന് കൈമാറി. തുടർന്ന് ഗവർമെന്റ് ഹരിജൻ വെൽഫെയർ എൽ പി സ്ക്കുൾ എന്ന പേരിൽ 'ശ്രീകൃഷ്ണവിദ്യാലയം' പരിവർത്തനം ചെയ്യപ്പെട്ടു.

## ഹരിതമാക്കുവിൻ ഈ ഭൂമിയെ

ഒരിറ്റു തണലിനായി
കൊതിക്കുക-
യാണീ ഭൂമി.....
ഒരിറ്റു കുളിർമയ്ക്കായി
കൊതിക്കുക-
യാണീ ഭൂമി.....

ജീവശ്വാസത്തിനായി
കെഞ്ചുക
യാണീ ഭൂമി.....
മനുഷ്യൻമാരുടെ
ചൂഷണത്താൽ
വാർധക്യമാവുകയാണീ
ഭൂമി...

ഭൂമിതൻ തലനാരിഴകൾ
വെട്ടിയടർത്തുകയാണു
മനുഷ്യർ..
ആരറിയുന്നു സ്വന്തം
ശിരസ്സു
ഛേദിക്കുന്നതിനു
സമമാണിത്...

വരും കാലങ്ങളിൽ
ചിലപ്പോൾ
ഭൂമിയും സൂര്യനായേക്കാം
പ്രതികാര തീയാൽ ചുട്ടു-
കൊന്നേക്കാം നമ്മെ...

ചെയ്യണമോ ഈ നീച
പ്രവർത്തികൾ..കൊതിയാ-
കുന്നു ഒന്നു കാണാൻ
ഒന്നനുഭവിക്കുവാൻ...

ആ കുളിർമയുടെ ലോക-
ത്തെ ഭൂമിതൻ കോപത്തിൽ
ഇരയാവരുതേ....വീണ്ടും
ഹരിതമാക്കുവിൻ ഈ
ഭൂമിയെ..

കാവേരി 9B



# ഒരു തുള്ളി സ്വർഗം



അമ്മതൻ സ്നേഹമാണ് മഴ
അമ്മതൻ വാത്സല്യമാണ് മഴ
ഈ ഒരു നേർത്ത തുള്ളിയാൽ
ശോഭിതമാകുമീ പ്രപഞ്ചം
വരണ്ടുണങ്ങിയ പാടങ്ങൾ
ഉത്സവ പറമ്പായി മാറും
ഏഴുനിറങ്ങളാൽ വാനം
അലങ്കരിക്കുമീമഴ
ഒരു തുള്ളി സ്വർഗാനുഭൂതി
നൽകുമീ മഴ
ക്ഷീണത്തെ പറവകൾപോലെ
പറക്കാൻ സഹായിക്കുമീ മഴ
ഒരു തുള്ളി മഴ മധുര
സ്വർഗം നൽകുന്നു.

കാവേരി 9B

## മായാനദി

ദാ , ഇഷ്ടം വരാമെന്ന് പറഞ്ഞ്
പിരിഞ്ഞ് പോയവരിൽ പലരും
പിന്നെ തിരിച്ച് വന്നില്ല....

അക്കരെയെത്തിയാൽ
ഇക്കരെയ്ക്ക് മടങ്ങാനാവാത്ത
ഏതു നദിയായിരിക്കും
അവർ താണ്ടിയത്?

അന്നോളം തെളിഞ്ഞുകണ്ട
ഒരു പാലം പൊടുന്നനെ
അദൃശ്യമായതുമാവാം...

ആ നദിയെയാവണം
നാം ജീവിതമെന്ന്
തെറ്റി വിളിക്കുന്നത് !

പത്മനാഭൻ ബ്ലാത്തൂർ

## പ്രണയത്തിന്റെ വേരുകൾ

ഒരു ചിതയുള്ളിൽ എരിഞ്ഞൊടുങ്ങുന്നു
പ്രണയാമാകുമോ?
പ്രമദമല്ലിത്
എവിടെ വേരുകൾ
തിരഞ്ഞ് ഞാൻ പോകും?
നിറമഴയത്തുകുതിർന്നും
വാക്കുകൾ വിറച്ചും നിൽക്കുന്ന
ചപല കൗമാര വഴിയരികിലോ?
കനകമൈലാഞ്ചി വിരൽ
തൊട്ടപ്പോഴെന്റെ
പ്രിയകവിയുടെ ഹൃദയത്തിലൂറി-
പ്പകർന്നു തന്നൊരെൻ
കലുഷയൗവ്വനപ്പെരുവഴിയിലോ?
അതോ നിറം വാർന്നുതുടങ്ങും
ജന്മത്തിനിടയ്ക്ക് മിന്നിയ
നിലാവിൻ നോവിലോ?
അറിയില്ലെന്നാലുമറിയുന്നുണ്ടുഞാൻ
ചിതപടർത്തുന്ന
കഠിനവേദന

സുഗതൻ എൻ.കെ.

## മഴ

കണ്ണീർമഴയിത് കനൽച്ചൂടിലെരിയും
ജീവിതത്തിൻ മിഴികളിൽ
നിന്നഗ്നിയായ്
വമിക്കും ചുടുകണ്ണീരിൻ
രോഷത്തിൻ മഴയിത്...

ഒരു കുലത്തെയൊട്ടാകെ
വിഴുങ്ങിയോ-
രനീതിതൻ പിടികളിലമർന്നൊരു
ജീവന്റെയാത്മരോക്ഷത്തിന്നഗ്നിയി
ത്...

ഒരു മോചനത്തിനായ്
കേണപേക്ഷിക്കുന്ന
കുലടയാം സ്ത്രീതൻ
ഹൃദയാഗ്നിതൻച്ചൂട്
താങ്ങാൻ വയ്യാതെയാ മിഴിയിൽ
നിന്നുതിരും പ്രതിഷേധമഴയിത്

മുടിയഴിച്ചാടുന്നയമ്മതൻ മടികളില-
ഭയാർത്ഥിയായോരമ്മതൻ മിഴിനീർ
ചുവപ്പിന്റെ മഴയിത്...

എല്ലാം മറക്കുവാൻ
തുനിയുന്നുവെങ്കിലും
ഹൃദയവേദനയാലെ വമിക്കുന്ന
തീയിത്...
നിങ്ങളീയഗ്നിയിലലിയാൻ
കൊതിക്കുമോ
നിങ്ങളീ മഴയിൽ നനയാൻ
ശ്രമിക്കുമോ?

അതുല്യ.പി.ജി 9A

## സാമൂഹ്യജീവി

നാട്ടുകാർക്ക് തിരിച്ചറിവ് വന്നപ്പോ
രാഷ്ട്രീയം വിട്ടു
ക്വട്ടേഷൻകാര് എറങ്ങ്യേപ്പിന്നെ
സാമൂഹ്യപ്രവർത്തനോം നിർത്തി
വായന മരിച്ചൂന്ന് കേട്ടപ്പോ
സാഹിത്യമെഴുത്തും മതിയാക്കി

ഇപ്പോ സുഖാണ്
വല്ലോരും പടച്ച് വിടുന്നത്
കള്ളപ്പേരിൽ ഷെയർ ചെയ്യും
ലൈക്ക് ചെയ്യും

മുഖം മിനുക്കിയുമീ
ശീതീകരിച്ച ശയനമുറിയിലെ
ഒളിജീവിതം

രാധാകൃഷ്ണൻ പനയാൽ



## പടവുകൾ

ചവിട്ടിക്കയറിയ പടവുകൾ അയാൾ എണ്ണാൻ
തുടങ്ങി.അമ്മയുടെ
മാറോട് പറ്റിക്കിടന്ന് മുലപ്പാലുണ്ട ഒന്നാംപടവ്.....
ഹരിശ്രീയുടെ മധുരവും നോവും നാവിൻതുമ്പിൽ
തത്തികളിച്ച
രണ്ടാം പടവ്........
ബന്ധുക്കളുടെയും കൂട്ടുകാരുടെയും സ്നേഹം നിലാവായ്
ഏറ്റുവാങ്ങിയ സുന്ദരപടവുകൾ.....പഠിച്ച് വളർന്ന് ജോലിനേടി
നാവിലൂറുന്ന മുലപ്പാൽ മധുരം മറന്ന് അച്ഛനമ്മാരൊരുക്കിയ
സുരക്ഷിതത്വത്തിന്റെ തണൽ മറന്ന് ....
തന്ത്രങ്ങളും മന്ത്രങ്ങളുമായ് ഭാര്യ
നിറഞ്ഞാടിത്തുടങ്ങിയപ്പോൾ
ചവിട്ടിക്കയറിയ പടവുകളിൽ പെയ്തിറങ്ങിയത്
ഇരുളലകൾ.....
ഒടുവിൽ അച്ഛന് ഉദകക്രിയ ചെയ്യുമ്പോൾ ഉള്ളിലെവിടെയോ
കരയാത്ത
നിലവിളികൾ അയാളിൽ കനത്ത് നിൽക്കുകയായിരുന്നു.
നഗരത്തിലെ ഫ്ലാറ്റിൽ അമ്മയെകൂട്ടിക്കൊണ്ടു വരുന്നതിൽ
തടശിലയായി
നിന്നത് ശ്രീമതി.
ഒറ്റക്കായ വൃദ്ധ,വീട്ടിൽ മരിച്ച് പുഴുവരിച്ച വാർത്ത
തേങ്ങലോടയാണയാൾ
വായിച്ചത് .എന്നിട്ടും ഭാര്യയുടെയും മക്കളുടെയും മുന്നിൽ
അയാൾ....
മക്കളും വളരുകയാണ്,അവർ
നാളെ തന്നേക്കാൾ ഉയരത്തിൽ എത്താതിരിക്കില്ല.ഇനി
മുന്നോട്ടുള്ള പടവുകളിൽ എവിടെ വെച്ചായിരിക്കും അയാളും
ഉപേക്ഷിക്കപ്പെടുക.....!

വിശ്വനാഥൻ വടയം

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്

പൗരബോധവും ലക്ഷ്യബോധവും സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനും നിയമത്തെ സ്വമേധയാ അംഗീകരിക്കുകയും, അനുസരിക്കുകയും, ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും, വിദ്യാർത്ഥികളിൽ സമത്വബോധം, മതേതരവീക്ഷണം, അന്വേഷണത്വം, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസികമനോഭാവം എന്നീ സ്വഭാവഗുണങ്ങൾ വളർത്തിയെടുക്കുന്നതിനും വേണ്ടി സർക്കാർ ഉത്തരവ് നഃ(പി) 121/2010/ആഭ്യന്തരം തീയ്യതി 29.10.2010 പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹൈസ്കൂൾ/ ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുള്ളതാണ് എസ്. പി. സി പദ്ധതി. ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ നേരിട്ടുള്ള മേൽനോട്ടത്തിലും മോട്ടോർ വാഹനം, തദ്ദേശസ്വയംഭരണം, വനം, ഫയർ ആന്റ് റെസ്ക്യൂ, എക്സൈസ്, കായികയുവജനക്ഷേമം എന്നീ വകുപ്പുകളുടെ സകരണത്തോടും കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഉദ്ദേശ്യലക്ഷ്യങ്ങൾ

1) സാമൂഹിക തിന്മകൾക്കെതിരെ പോരാടാൻ സന്നദ്ധരാക്കുക.
2) നമ്മുടെ മൗലികാവകാശങ്ങൾ നേടുന്നതിനും, മൗലീകചുമതലകൾ വിർവ്വഹിക്കുന്നതിനും കേഡറ്റുകളെ പ്രാപ്തരാക്കുക
3) ഇച്ഛാശക്തി വർധിപ്പിക്കുന്നതിനായി വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കുക.
4) അഴിമതി, സ്വാർത്ഥത, പൊതുമുതൽ നശീകരണം,സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം എന്നിവയ്ക്കെതിരെ പ്രവർത്തിക്കാനും പ്രതികരിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
5) സ്വാതന്ത്ര്യത്തിന്റെ മൂല്യം മനസ്സിലാക്കി സ്വതന്ത്ര്യസമരസേനാനികളെ സ്മരിക്കുകയും സ്വാതന്ത്ര്യത്തെ സരംക്ഷിക്കുകയും ചെയ്യുക.

# സ്കൂളിലെ യോഗ ദിനം

സ്വാമി രാംദാസ് മെമ്മോറിയൽ ഗവ.ഹയർസെക്കന്ററി സ്കൂളിൽ അന്താരാഷ്ട്രയോഗദിനം വിപുലമായി ആഘോഷിച്ചു. രാവിലെ 10 മണിക്ക് ചേർന്ന പ്രത്യേക അസംബ്ലിയിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ലത ടീച്ചർ സ്വാഗതം പറഞ്ഞു. യോഗ ട്രെയിനർ ശ്രീമതി. രുഗ്മിണി ദാമോദരൻ ഉദ്ഘാടനം ചെയ്തു. ഇന്നത്തെ ജീവിതശൈലിയിൽ യോഗ ദിനചര്യയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമായി സംസാരിച്ചു.

അതിനുശേഷം യോഗപരിശീലനം നേടിയ സ്കൂളിലെ കുട്ടികൾ അവതരിപ്പിച്ച അതിമനോഹരമായ യോഗ ഡാൻസും യോഗ പ്രദർശനവും ഉണ്ടായിരുന്നു. ചെറിയ കുട്ടികളുടെ മെയ്യ് വഴക്കവും അഭ്യാസവും വേറിട്ടൊരു അനുഭവം തന്നെയായാരുന്നു. യോഗ ഡാൻസിലെ ഒട്ടു മിക്ക അവതരണവും കാണികളിൽ കൗതുകം ഉളവാക്കുന്നതായിരുന്നു.

സ്കൂളിലെ എസ്. പി.സി കുട്ടികൾക്ക് യോഗ ട്രെയിനർ പ്രത്യേക പരിശീലനം നൽകി.



# ലിറ്റിൽ കൈറ്റ്സ്

സംസ്ഥാന സർക്കാറിന്റെ പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ്. എല്ലാ കുട്ടികൾക്കും മികച്ച സാങ്കേതികവിദ്യ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപകരണങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ ഈ പദ്ധതി സഹായകമാകുന്നു. ആനിമേഷൻ തയ്യാറാക്കാനും , ഗെയിം തയ്യാറാക്കാനും, ആപ്പുകൾ നിർമ്മിക്കാനും , സൈബർ സുരക്ഷ ലഭ്യമാക്കാനും ഈ പദ്ധതി സഹായിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗമാകാൻ പ്രവേശന പരീക്ഷ ( അഭിരുചി പരീക്ഷ) ഉണ്ടായിരിക്കുന്നതാണ്. ഇതിൽ മികച്ച സ്കോർ ലഭിക്കുന്നവർ ലിറ്റിൽകൈറ്റസ് അംഗമാകുന്നതാണ്. തെരഞ്ഞെടുത്തവർക്ക് ക്യാമ്പ് നടത്തുന്നു. ഇതിൽ ഗ്രൂപ്പുകളായിട്ടാണ് പ്രവർത്തിക്കുന്നത്. യൂണിറ്റ് ലീഡറും ഡെപ്യൂട്ടി ലീഡറും ഉണ്ടായിരിക്കുന്നതാണ്. മികച്ച രണ്ട് അധ്യാപകരാണ് ഇതിന് പരിശീലനം നൽകുന്നത്. മികച്ച കാഴ്ച്ചപ്പാട് കാണിക്കുന്ന കുട്ടിയെ ഉപജില്ലയിലേക്കും ജില്ലയിലേക്കും കൂട്ടി കൊണ്ടു പോകുന്നു. കുട്ടികൾക്ക് കമ്പ്യൂട്ടർ ലോകം തുറന്നു കൊടുക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

# ചിത്രരചന






**വിപിൻജിത്ത് കെ.ആർ *9C***

## എന്റെഭാഷ

ഒഴുകിപ്പോവുന്നുണ്ട്
നമുക്കറിയാത്ത
വാക്കുകൾ
കൂട്ടം കൂട്ടമായി

അവയുടെ ഇളക്കങ്ങൾ
ഞാൻ അഴിച്ചിട്ടതല്ല
എന്റെയുള്ളിലെ വീട്ടിൽ
വാക്കുകളുടെ അല

അടിത്തട്ടിൽ പാർക്കുന്ന
അവയുടെ ഇളക്കം
ജനവാതിലുകൾ
തുറന്നിടുന്നു

വെളിച്ചം
കൂടുതൽ സുന്ദരിയാവുന്നു

മുറിഞ്ഞ ശബ്ദങ്ങളും
കുഞ്ഞുവരികളിലും
വിടാതെ വായിക്കുന്നു

കൂട്ടിവെക്കേണ്ടതുണ്ട്
ചില വാക്കുകൾ
പുതിയ വീട്ടിലേക്ക്
വരുമ്പോൾ.

## പ്രാന്തൻ കണ്ടലിന്റെ

പ്രാന്തൻ കണ്ടലിന്റെ
നെഞ്ചിൽ നിന്നും
താഴോട്ടിറങ്ങിയ വേര്
നിലം തൊടാൻ
മടിച്ചു നിൽക്കുന്നതു
കണ്ട്

ആകാശത്തെ
താഴേക്ക് വിളിച്ച്
ചിറകിനടിയിൽ
വിശ്രമിക്കാൻ പറഞ്ഞു
കുളക്കൊക്ക്



ബിജു കാഞ്ഞങ്ങാട്

## കുയിലക്ഷരം

ഉലഞ്ഞുലഞ്ഞ വാൽ
പൊന്തയിൽ തൊട്ടു വിറക്കെ
ദേഹം മുഴുവൻ
അതേ പാട്ട്
'നോട്ടു' കളാവുന്നു

പാട്ടിന്റെ ഉന്മാദവും
വളവു തിരിവുകളും
ഞാറ്റുപൊന്തയ്ക്കു മീതെ
ധാരമുറിയാതെ
വീഴുന്നു

തുവലുകളെല്ലാം
ഇമ വിടാതെ
താളം പിടിക്കുന്നു


ഒന്നൊന്നായി അടുക്കിവെച്ച
ചന്ദ്രക്കലകൾ
പുഴയോരത്ത്
മങ്ങിയ വെള്ളയിൽ.

ബിജു കാഞ്ഞങ്ങാട്

# ചാളച്ചീറ്

ഒരാദിവാസിയുടെ കുടിൽ
എപ്പോഴും
ഒരാനയെ ഓർമ്മപ്പെടുത്തി
പനമ്പട്ട തെറിപ്പിച്ച നിൽക്കും.

ഒരെറ്റത്തുനിന്നും
മറ്റേയറ്റത്തേക്ക്
വളഞ്ഞുപോയ
മോന്തായക്കോൽ
ഒരിക്കലും നിവരാത്തവന്റെ
ജീവൽസമരത്തെവരച്ച്
കുനിഞ്ഞുനിൽക്കും.



ചേവിടിയിലിരുന്നാൽ
പുകപുളച്ച
കോടയാനച്ചൂര്
അബദ്ധത്തിലെങ്കിലും
കാറ്റിൽ
കൂക്കിവിളിച്ചേക്കും.

പെൺചുമരിനെ
ചുരണ്ടിനോക്കിയാൽ
കൂപ്പിലെത്തിയ
മരംമുറിപ്രമാണിമാരുടെ
വെളുത്തതൊലി
കാട്ടുമുറ്റത്ത്
അടർന്നുവീഴും.

തറപകുത്തുനോക്കിയാൽ
ശീൽക്കാരമിട്ട
സർപ്പപ്പുള്ളികൾ
ചാഞ്ഞയിടുക്കുകളിൽ
തിണർത്തുനിൽക്കും.

അകത്തടുപ്പിൽ
ഊതിയാൽ
മരത്തൊലിയിട്ടുവാറ്റിയ
കാട്ടുചാരായത്തിൽ
ഉന്മാദത്തിന്റെ
രാപ്പനിപടരും.

മണമെറിഞ്ഞ്
ചൂണ്ടുവിരലറ്റം 1
തീ പിടിപ്പിച്ച്
കട്ടംചൂടിൽ

മൺകുടങ്ങൾ
തുള്ളിവിറച്ചുനിൽക്കും.

ചുട്ടനാരക്കിഴങ്ങ് 2
വെന്തുപൊള്ളിയതിന്റെ
മൺമണം പറക്കും
വെന്ത തവളക്കാലും
കരിഞ്ഞ പന്നിയെലികളും
കാട്ടുകോഴിക്കരളും
ഉൾമരം തുളച്ച് തലയിൽ
പെരുത്തുപുളച്ചൊരമ്പായിതറക്കും.

ആദിമബീജം തുന്നിയ
കാട്ടുവിത്തുകോശത്തിന്റെ
ഞൊട്ടാചിലങ്കൻവാളുകൾ 3
ചുടലക്കാട്ടിൽനിന്നെന്നപോലെ
മുഖത്തേക്ക്
പൊട്ടിത്തെറിച്ചുവീഴും.

ഒരാദിവാസിയുടെകുടിൽ
ഒരിക്കലും
ഒരാനയെക്കാളും
വലുതാവുകയില്ല.

പശിപ്പഴപ്പിന്റെ
പതിനെട്ടുവിളിയളവുകോൽ
പതിപ്പിച്ചുകൊടുത്തിട്ടുണ്ടല്ലോ
നമ്മൾ
ഒരാനക്കിതപ്പോളംദൂരത്തിൽ
നിശ്ചിതമാത്രകയിൽ.

1- വാറ്റിന്റെ വീര്യമറിയാൻ ചെയ്യുന്ന പ്രവൃത്തി

2-ഒരുതരം കാട്ടുക്കിഴങ്ങ്

3-ചുടലക്കാട്ടിൽ കാണുന്ന ഒരു തരം ചെടി



ബാലഗോപാലൻ കാഞ്ഞങ്ങാട്